## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3074 | 21.08.2017-ൽ മറുപടിയ്ക്ക് |
|---|---|
| **അമൃത് പദ്ധതി** | |
| **ചോദ്യം** | **മറുപടി** |
| **ശ്രീ.ഒ. രാജഗോപാൽ** | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** |
| സംസ്ഥാനത്ത് അമൃത് പദ്ധതി നടപ്പിലാക്കുന്നതിന്റെ അവലോകനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുമോ ? | അമൃത് പദ്ധതിയുടെ നാളിതുവരെയുള്ള അവലോകന റിപ്പോർട്ട് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# അമൃത് പദ്ധതി

1. കേരളത്തിൽ അമൃത് പദ്ധതി നടപ്പിലാക്കാൻ തുടങ്ങിയത് സെപ്റ്റംബർ 1, 2015 നാണ്. 2015-2020 ആണ് പദ്ധതി കാലാവധി.

2. സംസ്ഥാനത്തെ 6 കോർപ്പറേഷനുകളിലും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ) ആലപ്പുഴ, ഗുരുവായൂർ, പലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലുമാണ് അമൃത് പദ്ധതി നടപ്പിലാക്കുന്നത്.

3. വാട്ടർ സപ്ലൈ, സിവറേജ്, ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ 5 സെക്ടറുകളിലായാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

4. അമൃത് പദ്ധതി കേന്ദ്ര മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് പദ്ധതി ആസൂത്രണമാണ് ആദ്യഘട്ടം. ആയതിൻ പ്രകാരം 18 മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തിനായി 3 വാർഷിക പദ്ധതികൾ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുത്തു.

| വാർഷിക പദ്ധതി | പദ്ധതികളുടെ എണ്ണം | പദ്ധതി തുക | വാർഷിക പദ്ധതി അംഗീകരിച്ച തീയതി |
|---|---|---|---|
| **2015-16** | 100 | 587.99 | നവംബർ 26, 2015 |
| **2016-17** | 122 | 796.06 | സെപ്റ്റംബർ 9, 2016 |
| **2017-18** | 157 | 973.64 | ഏപ്രിൽ 17, 2017 |
| **ആകെ** | **379** | **2357.69** | |

5. 2357 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 379 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ തുടങ്ങി കഴിഞ്ഞു.

6. ഇതിൽ 92 കുടിവെള്ള പദ്ധതികൾ (മൊത്തം പദ്ധതി തുകയുടെ 41% വരുന്ന 1061 കോടി രൂപ) കേരള വാട്ടർ അതോറിറ്റി വഴിയാണ് നടപ്പിലാക്കുന്നത്. ഇതിൽ 57 പദ്ധതികളുടെ ഡി.പി.ആർ. കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയതിനെ തുടർന്ന് പദ്ധതികൾക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

7. സ്വിവറേജ് / സെപ്റ്റേജ് സെക്ടറിൽ 49 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 9 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. പദ്ധതികൾ വിദഗ്ദ്ധ സമിതി പരിശോധിച്ചു വരുന്നു. എഞ്ചിനീയറിംഗ് പ്രൊക്യുർമെന്റ് കരാർ മുഖേനയും കേരള വാട്ടർ അതോറിറ്റി മുഖേനയുമാണ് പദ്ധതികൾ നടപ്പിലാക്കുന്നത്.

8. ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ സെക്ടറുകളിലെ വിശദമായ പദ്ധതി റിപ്പോർട്ടുകൾ (ഡി.പി.ആർ) അതത് തദ്ദേശ സ്വയംഭരണ സ്ഥാപന

ങ്ങൾ അവരുടെ എഞ്ചിനീയറിംഗ് വിഭാഗത്തെയും സർക്കാർ അംഗീകൃത ലിസ്റ്റിൽ പെട്ട കൺസൽട്ടന്റുമാരെയും ഉപയോഗിച്ചാണ് തയ്യാറാക്കുന്നത്.

9. ആകെ ഡി.പി.ആർ. തയ്യാറാക്കിയ 186 പദ്ധതികളിൽ 63 എണ്ണത്തിന് ഭരണാനുമതിയും (580.89 കോടി) 46 എണ്ണത്തിന് സാങ്കേതികാനുമതിയും (220.67 കോടി) ലഭ്യമായിട്ടുണ്ട്. ഇതിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് 27 കോടി രൂപയുടെ 22 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്.

10. അമൃത് പദ്ധതിയുടെ ഭാഗമായി 11 നഗര ഭരണ പരിഷ്ക്കരണങ്ങൾക്കായുള്ള 54 നാഴികക്കല്ലുകൾ കൈവരിക്കേണ്ടതായുണ്ട്. ഇതിൽ 2015-16 ലെ 28 നാഴികക്കല്ലുകൾ കൈവരിച്ചതിന്റെ റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ആയത് അംഗീകരിച്ച് പ്രത്യേക ഗ്രാന്റായി 15 കോടി രൂപ കേന്ദ്രം സംസ്ഥാനത്തിന് നൽകുകയുണ്ടായി. 2016-17 വർഷത്തെ പരിഷ്ക്കരണങ്ങളുടെ സ്കോർ കാർഡ് ഏപ്രിൽ മാസത്തിൽ അംഗീകാരത്തിനായി സമർപ്പിക്കുകയും ആയത് കേന്ദ്ര സർക്കാർ പരിശോധിച്ച് 16.68 കോടി രൂപ പ്രത്യേക ഗ്രാന്റായി അനുവദിച്ചിട്ടുണ്ട്.

11. ഒൻപത് അമൃത് നഗരങ്ങളുടെയും സാമ്പത്തിക നില വിലയിരുത്തുന്നതിനായുള്ള ക്രെഡിറ്റ് റേറ്റിംഗ് നടത്തി റിപ്പോർട്ട് അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുകയും ആയത് അവർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട. Brickwork Ratings LTD., ICRA എന്നീ ഏജൻസികൾ മുഖേനയാണ് ക്രെഡിറ്റ് റേറ്റിംഗ് നടത്തിയിട്ടുള്ളത്.

12. **ഫണ്ടിംഗ്**: കേന്ദ്ര വിഹിതം 50% സംസ്ഥാന വിഹിതം 30% തദ്ദേശ സ്ഥാപനങ്ങൾ 20% എന്ന ക്രമത്തിലാണ് അമൃത് പദ്ധതിയുടെ ഫണ്ടിംഗ്.

2015-16, 2016-17 വർഷത്തെ അംഗീകാരം ലഭിച്ച പദ്ധതികൾക്കായി കേന്ദ്ര വിഹിതമായ തുകയുടെ 20% (135 കോടി) സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. 81 കോടി രൂപ സംസ്ഥാന വിഹിതമായി ലഭിച്ചിട്ടുണ്ട് (30%) ആകെ 216 കോടി രൂപ അമൃത് അക്കൗണ്ടിൽ ലഭ്യമാണ്. വിശദമായ പദ്ധതി റിപ്പോർട്ടുകൾ തയ്യാറാക്കി പദ്ധതി നിർവ്വഹണം ആരംഭ ഘട്ടമായതിനാൽ 3.08 കോടി രൂപ മാത്രമെ ചിലവ് വന്നിട്ടുള്ളൂ. 2017-18 സംസ്ഥാന ബജറ്റിൽ അമൃതിനായി 375 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

| **ബജറ്റ് ശീർഷകം** | തുക |
|---|---|
| 2217-05-192-71 (അമൃത് - മുനിസിപ്പാലിറ്റി) | 125 കോടി |
| 2217-05-191-73 (അമൃത് - കോർപ്പറേഷൻ) | 250 കോടി |
| **ആകെ** | **375 കോടി** |

*(തുക കോടിയിൽ)*

| വാർഷിക പദ്ധതി | കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച പദ്ധതി വിഹിതം (50%) | സംസ്ഥാന വിഹിതം | പദ്ധതിക്ക് അനുവദിച്ച തുക (കേന്ദ്രം + സംസ്ഥാനം) | സംസ്ഥാന മിഷൻ ഡയറക്ടറേറ്റിൽ ലഭിച്ച തുക |
|---|---|---|---|---|
| 2015-16 | 57.60 | 34.560 | 92.160 | 92.160 |
| 2016-17 | 77.28 | 46.368 | 123.648 | 123.648 |
| ആകെ | **134.88** | **80.928** | **215.808** | **215.808** |

13. പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ;

1. പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിന് സെപ്റ്റംബർ 15 നുള്ളിൽ ബാക്കിയുള്ള 193 പദ്ധതികളുടെ ഡി.പി.ആർ. കൾ തയ്യാറാക്കാൻ നഗരസഭകളും വാട്ടർ അതോറിറ്റിയും സമയബന്ധിതമായി പ്രവർത്തിക്കുക.

2. സർക്കാർ തലത്തിൽ കാലതാമസമില്ലാതെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാനുള്ള സുഗമമായ സംവിധാനമൊരുക്കുക.

3. സാങ്കേതികാനുമതി ലഭ്യമായിട്ടുള്ള പ്രോജക്ടുകളുടെ ടെന്റർ നടപടികൾ നഗരസഭകളും കേരള വാട്ടർ അതോറിറ്റിയും അടിയന്തിരമായി കൈക്കൊള്ളുക.

4. പദ്ധതി പുരോഗതിയുടെ തുടർച്ചയായ മോണിറ്ററിംഗിനുള്ള ക്രമീകരണങ്ങൾ ഉറപ്പാക്കുക.

5. പ്രോജക്ടുകളുടെ മേൽനോട്ടം, വർക്കിന്റെ അളവുരേഖപ്പെടുത്തൽ എന്നിവയ്ക്കായി കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള എഞ്ചിനീയർമാരുടെ സേവനം നഗരസഭകളിൽ ലഭ്യമാക്കുക.

6. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നൽകി അടുത്ത ഗഡു തുക ലഭിക്കുന്നതിനുള്ള നീക്കം നടത്തുക.

സെക്ഷൻ ഓഫീസർ